പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 536 13-10-2026-ൽ മറുപടിയ്ക്ക്

**കരിമണൽ ഖനനം പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. ജോയി

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. വി. കെ. സനോജ്

ശ്രീ. കെ. പ്രേംകുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കരിമണൽ ഖനനം പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തുന്നതിന് പകരം സ്വകാര്യ കുത്തകകൾക്ക് കൂടി ഈ മേഖല തുറന്നുകൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ, വിശദമാക്കുമോ;

**മറുപടി:** ഇല്ല. കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ 01.03.2019 തീയതിയിലെ 1/1/2019-എം.VI നമ്പർ ഉത്തരവ് പ്രകാരം ബീച്ച് സാൻഡ് മിനറൽ ഖനനത്തിനായി സർക്കാർ കമ്പനികൾക്കോ സർക്കാർ ഉടമസ്ഥതയിൽ ഉള്ള കോർപ്പറേഷനുകൾക്കോ മാത്രമാണ് അനുമതി നൽകുന്നത്.

**(ബി)** കരിമണൽ ഖനന രംഗത്തേക്ക് സ്വകാര്യ നിക്ഷേപകരെ കടന്നുവരാൻ അനുവദിക്കുന്നത് സംസ്ഥാന ഖജനാവിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നും സ്വകാര്യ ലാഭത്തിനുവേണ്ടിയുള്ള അമിതമായ പ്രകൃതി ചൂഷണത്തിന് ഇത് വഴിയൊരുക്കുമെന്നുള്ള വിമർശനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ചോദ്യം (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, ബാധകമല്ല.

**(സി)** കേരളത്തിന്റെ തീരദേശ മേഖലയുടെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയത്തിൽ, സ്വകാര്യ കമ്പനികൾക്ക് ഖനനാനുമതി നൽകുന്നതിനായി ക്രിട്ടിക്കൽ മിനറൽ കോറിഡോർ പോലുള്ള എന്തെങ്കിലും നയപരമായ മാറ്റങ്ങളോ പുതിയ പദ്ധതികളോ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** അനിയന്ത്രിതമായ പ്രകൃതി ചൂഷണത്തിന് വഴിയൊരുക്കുന്ന ഈ സ്വകാര്യവൽക്കരണ നയത്തിൽ നിന്ന് പിന്മാറാനും പകരം ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന മാത്രം ഖനനം പരിമിതപ്പെടുത്താനും തയ്യാറാകുമോ; വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**